6. തീർത്ഥാടകർ കടന്നുപോകുമ്പോൾ എതിർ ദിശയിൽ ലഘുഭക്ഷണങ്ങളും, ശീതളപാനീയങ്ങളും ക്രമീകരിച്ചു നൽകുന്നതുവഴി തീർത്ഥാടകരുടെ യാത്രയ്ക്കു തടസ്സം ഉണ്ടാകുന്നു എന്നു മാത്രമല്ല റോഡ് കുറുകെ കടക്കുമ്പോൾ വാഹന തടസ്സങ്ങളും അപകടങ്ങളും വർദ്ധിക്കുന്നതിനിടയാവുകയും ചെയ്യുന്നു. ആയതിനാൽ യാത്രയിലെ പൈലറ്റു വാഹനങ്ങൾ മുമ്പോട്ടുപോയി തീർത്ഥാടകർക്ക് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് അനുയോജ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. ഇപ്രകാരം ക്രമീകരിക്കപ്പെടുന്ന സൽക്കാരങ്ങളിൽ പങ്കെടുത്തശേഷം, പ്ലാസ്റ്റിക് കൂടുകൾ, കുപ്പികൾ, ഗ്ലാസ്സുകൾ എന്നിവ റോഡിലും, പരിസരത്തുമായി വലിച്ചെറിയാതെ ഏതെങ്കിലും ഒന്നോ രണ്ടോ സ്ഥലങ്ങളിലായി ആയതു കൂട്ടിയിടുകയും, പട്ടണങ്ങളിൽ ആയത് അവിടെനിന്നും അപ്പോൾതന്നെ മാറ്റുന്നതിനാവശ്യമായ നടപടികൾ അതാതു മേഖലകളുടെ ചുമതലക്കാർ ചേർന്ന് ക്രമീകരിച്ചാൽ അത് നമ്മുടെ യാത്രയ്ക്ക് പൊതുവിൽ ലഭിക്കുന്ന പ്രശംസയ്ക്കും, ബഹുമാനത്തിനും, അതു വഴിയായി പ:സഭയും പുകഴ്ച്ചയ്ക്കും ഇടയാകും.

8. പങ്കെടുക്കുന്ന എല്ലാ തീർത്ഥാടകരും, അതതു മേഖലകൾ ക്രമീകരിക്കുന്ന ബാഡ്ജുകൾ മേൽവിലാസം രേഖപ്പെടുത്തി ധരിക്കേണ്ടത് ആവശ്യമാണ്.

9. ബഹുമാനപ്പെട്ട ഗവൺമെന്റിന്റേയും പോലീസ് അധികാരികളുടേയും അപ്പപ്പോഴുള്ളതായ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊള്ളണം.

10. തീർത്ഥയാത്രയോടൊപ്പം ബഹു. വൈദികർ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. ബഹു. വൈദീകരുടേയും, വാളന്റിയേഴ്സിന്റെയും നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുകയും ചെയ്യണം.

മേൽപ്പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരണമായി എല്ലാ തീർത്ഥാടകരും പ്രവർത്തിക്കുകയും, തീർത്ഥാടക സമൂഹത്തിന്റെ ചുമതലക്കാർ ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെടുവാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യുകയും, അപ്രകാരം നമ്മുടെ ഈ വർഷത്തെ തീർത്ഥയാത്ര ഏറെ അനുഗ്രഹകരമായി തീരുവാൻ തക്കവണ്ണം പ്രാർത്ഥിക്കുകയും, പ്രവർത്തിക്കുകയും ചെയ്യണമെന്നോർമ്മിപ്പിക്കുകയും ചെയ്യുന്നു.

ഈ വർഷത്തെ മഞ്ഞനിക്കര തീർത്ഥയാത്രയ്ക്ക് എല്ലാവിധമായ മംഗളങ്ങളും നേരുന്നു.

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.**

**ദൈവം അനുഗ്രഹിക്കട്ടെ.**

**ശേഷം പിന്നാലെ**

**എന്ന്,**

**ജോസഫ് മാർ ഗ്രീഗോറിയോസ്**
**മഞ്ഞനിക്കര തീർത്ഥാടക സമൂഹം മെത്രാപ്പോലീത്താ**

**പുത്തൻകുരിശ് പാത്രിയാർക്കീസ് സെന്ററിൽനിന്നും**
**2-02-2010**